ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

dtekerala@gmail.com

0471 2561307

**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം – സർക്കാർ പോളിടെക്നിക് കോളേജ്, വെണ്ണിക്കുളം - ഓട്ടോമൊബൈൽ വിഭാഗം ലക്ചറർ, ശ്രീ. ഉല്ലാസ് വി എസിന് - കേരള സർവ്വീസ് ചട്ടം ഭാഗം III പ്രകാരമുള്ള പെൻഷൻ പദ്ധതിയിൽ തുടരുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (സി ) വിഭാഗം**

**നം.** EC5/21080/22/DTE **തിരുവനന്തപുരം, തീയതി : 08-07-2024**

---

വായന :-

1. 07-05-2013ലെ സ.ഉ(പി) നം. 209/2013/ഫിൻ നമ്പർ ഉത്തരവ്
2. 08-07-2014 ലെ ഈ കാര്യാലയത്തിലെ ഇസി4/26315/14/DTE നമ്പർ നിയമന ഉത്തരവ്
3. 14-07-2014 ലെ സ.ഉ(പി) നം.279/2014/ഫിൻ നമ്പർ ഉത്തരവ്
4. കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III പെൻഷൻ പദ്ധതിയിൽ തുടരുന്നതിനായി ശ്രീ. ഉല്ലാസ് വി എസിന്റെ 16.09.2014 തീയതിയിലെ ഓപ്ഷൻ ഫോം
5. 18-04-2022 ലെ 33/2022/ധന നമ്പർ സർക്കാർ സർക്കുലർ
6. 26-05-2022 ലെ വെണ്ണിക്കുളം, സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിന്റെ എ4/1367/2022 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വായന 2) ഉത്തരവ് പ്രകാരം, പാലാ ഗവ. ടെക്നിക്കൽ ഹൈ സ്കൂളിൽ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ 18-07-2014 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. ഉല്ലാസ് വി എസ്, 22-07-2009 മുതൽ ഭൂജല വകുപ്പിൽ ഡ്രില്ലിംഗ് അസിസ്റ്റന്റ്, വ്യവസായ പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (മെക്കാനിക്) എന്നീ തസ്തികകളിലായി തുടർന്നിരുന്നതിനാൽ, സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ നിലനിർത്തണമെന്ന് അപേക്ഷിച്ചുകൊണ്ട് ടിയാൻ സമർപ്പിച്ച ഓപ്ഷൻ ഫോം വായന (4) പ്രകാരം സ്ഥാപന മേധാവി ലഭ്യമാക്കിയിരുന്നു.

01-04-2013 നു മുമ്പ് സംസ്ഥാനത്തെ സർക്കാർ വകുപ്പിൽ ഏതെങ്കിലും തസ്തികയിൽ നിയമിക്കപ്പെടുകയും, തുടർന്നു 01-04-2013 നു ശേഷം മറ്റൊരു വകുപ്പിൽ നിയമനം ലഭിക്കുകയും ചെയ്യുന്നവർക്ക് അവരവർ സമർപ്പിക്കുന്ന ഓപ്ഷന്റെ അടിസ്ഥാനത്തിൽ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III പെൻഷൻ പദ്ധതിയിൽ തുടരുവാൻ വായന ( 1),( 2) ഉത്തരവുകളിലൂടെ സർക്കാർ അനുവദിച്ചിട്ടുണ്ട്.

ശ്രീ. ഉല്ലാസ് വി എസ്, 22-07-2009 മുതൽ 11-03-2014 വരെ ഭൂജല വകുപ്പിൽ ഡ്രില്ലിംഗ് അസിസ്റ്റന്റ് തസ്തികയിലും തുടർന്ന് 12-03-2014 മുതൽ 17-07-2014 വരെ വ്യവസായ പരിശീലന

വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (മെക്കാനിക്) തസ്തികയിലും തുടർന്നു വരവെയാണ് പി.എസ്.സി ശിപാർശയോടെ 18-07-2014 ൽ ഈ വകുപ്പിലെ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതെന്നും തുടർന്ന് തസ്തികമാറ്റ നിയമനം വഴി ഇതേ വകുപ്പിൽ ലക്ചറർ തസ്തികയിൽ സേവനം തുടരുന്നതായും സേവനപുസ്തകം പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടിരിക്കുന്നു.

ശ്രീ. ഉല്ലാസ് വി എസ്, വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ പ്രവേശിച്ച് 16-09-2014 ൽ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III പെൻഷൻ പദ്ധതിയിൽ തുടരുന്നതിനുള്ള ഓപ്ഷൻ ഫോം സമർപ്പിക്കുകയും സ്ഥാപന മേധാവി മേലൊപ്പ് ചാർത്തിയതായും സേവനപുസ്തകം പരിശോധിച്ചതിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും വായന സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾക്കു വിധേയമായും, കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III പെൻഷൻ പദ്ധതിയിൽ തുടരുന്നതിനുള്ള മൊബിലിറ്റി ആനുകൂല്യം ടിയാന് അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

SHALIJ P R
DIRECTOR(I/C)

സ്വീകർത്താവ്,

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, കോട്ടയം
2. പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്നിക് കോളേജ്, വെണ്ണിക്കുളം
3. ശ്രീ. ഉല്ലാസ് വി എസ്, ഓട്ടോമൊബൈൽ വിഭാഗം ലക്ചറർ